പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6709. 12.07.2012 ന് മറുപടിയ്ക്ക്.

**വനംവകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ)വനം വകുപ്പിന്റെ കൈവശമുള്ള ആനക്കൊമ്പുകളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ; ഇതിന്റെ ശരാശരി മൂല്യം എത്രയാണ്; | (എ) പൂർണ്ണമായും തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ വനം വകുപ്പാസ്ഥാനത്തുള്ള സ്റ്റോങ് റൂമിൽ 1012 ആനക്കൊമ്പുകൾ, 1044 തേറ്റകൾ, 350 ആനക്കൊമ്പിൽ തീർത്ത ശില്പങ്ങൾ, 310.910 കിലോഗ്രാം ആനക്കൊമ്പിൻ കഷണങ്ങൾ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ആനക്കൊമ്പ് കച്ചവടം നടത്തുന്നത് നിയമം മൂലം നിരോധിച്ചിരിക്കുന്ന സാഹചര്യത്തിൽ ആനക്കൊമ്പുകളുടെ മൂല്യനിർണ്ണയം സാദ്ധ്യമല്ല. |
| (ബി) ഇതു സംബന്ധിച്ച കണക്ക് തിട്ടപ്പെടുത്തിയിട്ടില്ലെങ്കിൽ ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | (ബി) സ്വീകരിക്കുന്നതാണ്. |
| (സി) ആനക്കൊമ്പ് കൈവശം സൂക്ഷിക്കുന്നതിന് പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; | (സി) 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം ചീഫ് വൈൽഡ് ലൈഫ് വാർഡൻ നൽകിയിട്ടുള്ള ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ ആനക്കൊമ്പുകൾ കൈവശം സൂക്ഷിക്കുവാൻ പാടുള്ളു. ഇപ്രകാരം സൂക്ഷിക്കുന്ന ആനക്കൊമ്പുകൾ വിൽക്കുവാനോ കൈമാറ്റം ചെയ്യുവാനോ പാടുള്ളതല്ല. |
| (ഡി) വനംവകുപ്പിന്റെ അധീനതയിലുള്ള ആനക്കൊമ്പുകൾ പ്രത്യേക ആവശ്യങ്ങൾക്ക് വിനിയോഗിക്കാൻ ആലോചനയുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (ഡി) ഇപ്പോൾ ആലോചനയിലില്ല. |
| (ഇ) പ്രസ്തുത ആനക്കൊമ്പുകൾ പ്രദർശിപ്പിക്കുന്നതിനുള്ള മ്യൂസിയം സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.